Draft #2 of File 22050/AC A9-2/2020/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 15-Jul-2020 11:36 AM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

എം എസ് സി ക്ലിനിക്കൽ ന്യൂട്രിഷൻ ആൻഡ് ഡയറ്റെറ്റിക്സ് പ്രോഗ്രാം- പാലാ അൽഫോൻസാ കോളേജിലെ 17 വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ് ഓൺലൈൻ ആയി ചെയ്യാനുള്ള പി ജി ഹോം സയൻസ് വിദഗ്ധ സമിതി ചെയർപേഴ്സന്റെ ശുപാർശ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 3210/AC A 9/2020/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 15.07.2020

---

*പരാമർശം:*-1.പാലാ അൽഫോൻസാ കോളേജിലെ MSc ക്ലിനിക്കൽ ന്യൂട്രീഷൻ & ഡയറ്ററ്റിക്സ് രണ്ടാം സെമസ്റ്റർ വിദ്യാർത്ഥികളുടെ അപേക്ഷ

2.യു ജി സി യിൽ നിന്ന് ലഭിച്ച,04.05.2020 തീയതിയിലെ D.O.No.F.1-1/2020(Secy) നമ്പർ കത്ത്

3.പി ജി ഹോം സയൻസ് വിദഗ്ധ സമിതിയുടെ ചെയർപേഴ്സന്റെ ഇമെയിൽ സന്ദേശം

4.13.07.2020 തീയതിയിലെ വൈസ് ചാൻസലറുടെ ഉത്തരവ്

**ഉത്തരവ്**

പാലാ അൽഫോൻസാ കോളേജിലെ രണ്ടാം സെമസ്റ്റർ എം എസ് സി ക്ലിനിക്കൽ ന്യൂട്രിഷൻ ആൻഡ് ഡയറ്റെറ്റിക്സ് പ്രോഗ്രാമിലെ 17 വിദ്യാർത്ഥികൾ, നിലവിൽ അവർ വിവിധ ആശുപത്രികളിൽ ഇന്റേൺഷിപ്പ് ചെയ്തുവരികയാണെന്നും, 2020 ജനവരി മാസം ഒന്നാം തീയതി ആരംഭിച്ച ഇന്റേൺഷിപ്പ് കാലാവധി ആറു മാസമായിരുന്നു എന്നും, കോവിഡ്19-ന്റെ പശ്ചാത്തലത്തിൽ ഇന്റേൺഷിപ്പ് തുടരുവാൻ സാധ്യമല്ല എന്നും, നിലവിലെ സാഹചര്യത്തിൽ ആശുപത്രിയിൽ പോയി ഇന്റേൺഷിപ്പ് പൂർത്തിയാക്കുവാൻ സുരക്ഷാ - യാത്ര പരിമിതികൾ ഉള്ളതിനാൽ ഇന്റേൺ ഷിപ്പ് തുടരുക അസാധ്യമാണ് എന്നും, ആയതിനാൽ, ആറു മാസത്തെ ഇന്റേൺഷിപ്പിൽ അവർ ചെയ്ത രണ്ടര മാസത്തെ ഇന്റേൺഷിപ് 6 മാസം ചെയ്തതായി പരിഗണിച്ചും ചെയ്ത കാലയളവിനനുസൃതമായി സിലബസിൽ പാഠഭാഗങ്ങൾ കുറച്ചു നൽകണമെന്നും പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

പരാമർശം(3) പ്രകാരം പി ജി ഹോം സയൻസ് വിദഗ്ധ സമിതിയുടെ ചെയർപേഴ്സന്റെ വിദഗ്ധാഭിപ്രായം തേടിയതിൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് ഓൺലൈൻ ആയി ചെയ്യാമെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. ആയതിലേക്ക് Institute of Health and Intelligence and Research, Nellore, Andhra Pradesh,എന്ന സ്ഥാപനത്തിന്റെ അപേക്ഷ ഫോറവും യു ജി സി യുടെ മാർഗനിർദേശങ്ങളുമടങ്ങിയ കത്തും സമർപ്പിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ വിവരങ്ങൾ പരിഗണിച്ചു കൊണ്ട് പ്രസ്തുത വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് ഓൺലൈൻ ആയി Institute of Health and Intelligence and Research, Nellore, Andhra Pradesh ൽ ചെയ്യുവാൻ അനുവദിച്ച് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അധ്യായം III വകുപ്പ് 10(17) പ്രകാരം 13.07.2020

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തീയതിയിൽ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. PS to VC/PVC
2.PA to Registrar/CE
3. Board of Studies Chairperson, Home Science
4.Principal, Alphonsa College, Pala
5.Content Management/IQAC
6. Stock File

Draft #2 of File 22050/AC A9-2/2020/REG SECT Approved by ASSISTANT REGISTRAR III (ACADEMIC) on 15-Jul-2020 11:36 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം